നം.8636/ഇ2/2019/കെഎസ്എച്ച്ഒ                                                  19/09/2019

# കുടുംബശ്രീ ആന്തരിക തസ്തികമാറ്റം (കരാർ) വഴിയുള്ള നിയമനം

## വിജ്ഞാപനം – 10 (Code : DDUGKYCDE)

കേന്ദ്ര സർക്കാർ പദ്ധതിയായ ദീൻദയാൽ ഗ്രാമീൺ കൗസല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ) പദ്ധതിയുടെ പ്രോജക്ട് അപ്രൈസൽ ഏജൻസിയായി കുടുംബശ്രീയെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൻപ്രകാരം മറ്റു സംസ്ഥാനങ്ങളുടെ പ്രോജക്ട് അപ്രൈസൽ ചെയ്യാൻ ഒരു പ്രത്യേക ടീം തയ്യാറാക്കുന്നതിനായി കുടുംബശ്രീ ഒരു പ്രൊപ്പോസൽ തയ്യാറാക്കുകയും ആയത് സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് അപ്രൈസൽ ഏജൻസിയായി ദേശീയതലത്തിലുള്ള പ്രവർത്തനങ്ങൾക്കായി ഒരു 'ക്വാളിറ്റേറ്റീവ് അപ്രൈസൽ ടീമി'നെ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, പ്രസ്തുത 'ക്വാളിറ്റേറ്റീവ് അപ്രൈസൽ ടീമി'ലേയ്ക്ക് കുടുംബശ്രീ മിഷന്റെ ഭാഗമായി നിലവിൽ പ്രവർത്തിച്ചു വരുന്ന, നിശ്ചിത യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള കരാർ ജീവനക്കാരിൽ നിന്നും **കമ്മ്യൂണിക്കേഷൻ/ഡോക്യുമെന്റേഷൻ എക്സിക്യൂട്ടീവ്** തസ്തികയിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. നിയമനം സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | **തസ്തിക** | : | **കമ്മ്യൂണിക്കേഷൻ/ഡോക്യുമെന്റേഷൻ എക്സിക്യൂട്ടീവ്** |
| 2. | **ഒഴിവ്** | : | 2 (ക്വാളിറ്റേറ്റീവ് അപ്രൈസൽ ടീം, ഡി.ഡി.യു.ജി.കെ.വൈ) |
| 3. | **നിയമന രീതി** | : | കരാർ നിയമനം<br>(കരാറിൽ ഏർപ്പെടുന്ന ദിവസം മുതൽ 31/03/2020 വരെ) |
| 4. | **വിദ്യാഭ്യാസ യോഗ്യത** | : | 1. അംഗീകൃത സർവ്വകലാശാലയിൽ നിന്നുമുള്ള **ബിരുദാനന്തര ബിരുദം**<br>2. ഇംഗ്ലീഷ് ഭാഷ എഴുതുവാനും സംസാരിക്കുവാനുമുള്ള കഴിവ് |
| 5. | **പ്രായപരിധി** | : | 30/09/2019 ന് 45 വയസ്സിൽ കൂടാൻ പാടുള്ളതല്ല |
| 6. | **പ്രവൃത്തിപരിചയം** | : | കുടുംബശ്രീ മിഷനിൽ നിലവിൽ ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ ESOP സർട്ടിഫൈഡായിട്ടുള്ള ബ്ലോക്ക് കോ-ഓർഡിനേറ്റർ ആയിരിക്കണം. |

കമ്മ്യൂണിക്കേഷൻ/ഡോക്യുമെന്റേഷൻ മേഖലയിൽ പരിചയവും ബിരുദവും ഉള്ളവർക്ക് മുൻഗണന

7. **വേതനം** : 30,000 രൂപ പ്രതിമാസ വേതനം.

8. **ജോലിയുടെ സ്വഭാവം**

1. ഡിഡിയുജികെവൈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതലത്തിൽ രൂപീകരിക്കുന്ന ക്വാളിറ്റേറ്റീവ് അപ്രൈസൽ ടീമിന്റെ കമ്മ്യൂണിക്കേഷൻ / ഡോക്യുമെന്റേഷൻ ജോലികൾ ചെയ്യുക
2. മിഷൻ ആവശ്യപ്പെടുന്ന പ്രവർത്തനങ്ങൾ നടത്തുക

9. **അപേക്ഷ സമർപ്പിക്കേണ്ട രീതി**

1. അപേക്ഷ നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.
2. നിയമനം സംബന്ധിച്ച നടപടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.
3. അപേക്ഷാർത്ഥികൾ 500 രൂപ പരീക്ഷാഫീസായി അടയ്ക്കേണ്ടതാണ്.

10. **നിയമനപ്രക്രിയ**

1. സമർപ്പിക്കപ്പെട്ട ബയോഡാറ്റകൾ വിശദമായി പരിശോധിച്ച്, സ്ക്രീനിംഗ് നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതിന് പൂർണ്ണ അധികാരം സി.എം.ഡി.ക്കായിരിക്കും.
2. ഉദ്യോഗാർത്ഥികളുടെ ബയോഡാറ്റ സ്ക്രീനിംഗ് നടത്തി യോഗ്യതയും, പ്രവൃത്തിപരിചയവും പരിഗണിച്ച് യോഗ്യരായവരെ അഭിമുഖത്തിനു വിളിച്ച് അവരിൽ നിന്നും അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കും. ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലാണെങ്കിൽ എഴുത്തുപരീക്ഷയും, ഇന്ററർവ്യൂവുമോ അല്ലെങ്കിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റും ഇന്റർവ്യൂവുമോ ഏതാണ് അനുയോജ്യമായത് ആ രീതിയിൽ നിയമനപ്രക്രിയ നടത്തുന്നതിന് സി.എം.ഡി.ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
3. അപേക്ഷക(ൻ) നിലവിൽ പ്രവർത്തിക്കുന്ന ജില്ലയിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ നൽകിയ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

11. **അപേക്ഷ സമർപ്പിക്കേണ്ട വിലാസം**

**www.cmdkerala.net** എന്ന വെബ്സൈറ്റിൽ ഓൺലൈനായി **അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.**

12. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി :** 05/10/2019, വൈകുന്നേരം 5 മണി

13. **മറ്റു നിബന്ധനകൾ**

1. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നുള്ള 09/09/2019 ലെ ജെ-17060/321/2015ഡിഡിയു-ജികെവൈ നമ്പർ കത്തിലും, 03/9/2019 ന് നടന്ന ഡിഡിയുജികെവൈ പദ്ധതിയുടെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾക്കും വിധേയമായിരിക്കും ടീമിന്റെ നിയമനവും പ്രവർത്തനങ്ങളും.
2. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷനുകളിലോ, സംസ്ഥാന മിഷനിലോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ, Online- അല്ലാതെ ലഭിക്കുന്ന അപേക്ഷകളും, യഥാസമയം ലഭിക്കാത്ത അപേക്ഷകളും, അംഗീകരിച്ച യോഗ്യതകൾ ഇല്ലാത്തതതുമായ അപേക്ഷകളും പരിഗണിക്കുന്നതല്ല.
3. പരീക്ഷാ ഫീസ് അപേക്ഷയോടൊപ്പം Online- ആയി അടയ്ക്കാവുന്നതാണ്.
4. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന ഉദ്യോഗാർഥി യഥാസമയം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, ടി നിയമനം റദ്ദാകുന്നതും, ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.
5. റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസിദ്ധീകരിച്ച തീയതി മുതൽ 1 വർഷമായിരിക്കും.
6. ഒഴിവുകളുടെ എണ്ണത്തിൽ മാറ്റം ഉണ്ടായേക്കാം.
7. ബ്ലോക്ക് കോ-ഓർഡിനേറ്റർ തസ്തികയിലെ പ്രവൃത്തിപരിചയം പുതിയ തസ്തികയിൽ അപേക്ഷ നൽകുന്നതിനുള്ള നിബന്ധന മാത്രമാണ്. പുതിയ തസ്തികയിൽ പ്രവേശിച്ചുകഴിഞ്ഞാൽ പ്രസ്തുത പ്രവൃത്തിപരിചയം ടി തസ്തികയുടെ വേതന വർദ്ധനവിനോ മറ്റ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല.

13/9/19

എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)